**Kerala Prisons & Correctional Services**

Prisons & Correctional Services Headquarters
Poojappura,
Thiruvanathapuram-12
:0471-2342532
:keralaprisons@gov.in

Dated : 26-03-2020

## Office Circular No 17

കോവിഡ് -19 ന്റെ ജാഗ്രതയുമായി ബന്ധപ്പെട്ട് ജയിൽ വകുപ്പിൽ കോവിഡ് -19 സെൽ രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ നോഡൽ ഓഫീസറായി ഹെഡ് ക്വാർട്ടേഴ്സ് ഡി.ഐ.ജി ശ്രീ.എസ്.സന്തോഷ് നെ ചുമതലപ്പെടുത്തുകയും, 3 മേഖലകളിലെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു മേഖലാ നോഡൽ ഓഫീസർമാരായ മേഖലാ ഡി.ഐ.ജി മാരുടെ നേതൃത്വത്തിൽ 15അംഗ ടാസ്ക് ഫോർസിനെയും സജ്ജമാക്കിയിട്ടുണ്ട്. ജീവനക്കാരിൽ കോവിഡ്-19 ബോധവത്ക്കരണത്തിനായി മാർഗ നിർദേശങ്ങൾ നൽകുന്നതിനു വകുപ്പിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും, മെഡിക്കൽ ജീവനക്കാർക്കും നിർദേശം നൽകിയിട്ടുണ്ട്. സർക്കാരും,ആരോഗ്യവകുപ്പും നിർദേശിക്കുന്ന കാര്യങ്ങൾ യഥാസമയം ശ്രദ്ധിക്കുന്നതിനും നടപ്പിലാക്കുന്നതിനും എല്ലാ സ്ഥാപനമേധാവികളും ജാഗരൂകരാകേണ്ടതാണ്. എല്ലാ സ്ഥാപനങ്ങളിലും താഴെ പറയുന്ന സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്

1) എല്ലാ ജയിൽ സ്ഥാപനങ്ങളിലും **"ബ്രേക്ക് ദി ചെയിൻ"** ക്യാപയിനിന്റെ ഭാഗമായി ഹാൻഡ് വാഷ്/ സാനിട്ടൈസർ എന്നിവ ഓഫീസിന്റെ പ്രവേശന കവാടത്തിൽ സ്ഥാപിക്കുകയും ജീവനക്കാരെയും,പുറത്ത് നിന്ന് ഓഫീസിലേക്ക് എത്തുന്നവരെയും ക്യാപയിന്റെ ഭാഗമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

2).ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടുന്നതിന് ദിശ യുടെ ഹെൽപ് ലൈൻ നമ്പരായ 0471-255 2056 എന്ന ജില്ലാ കൺട്രോൾ റൂം നമ്പരിലേക്ക് ബന്ധപ്പെടാവുന്നതാണ്.

3) കോടതി നടപടികൾ,അത്യാവശ്യ മീറ്റിംഗുകൾ എന്നിവ വീഡിയോ കോൺഫറൻസിംഗ് മുഖേന നടത്തേണ്ടതാണ്.

4)സജീവമായി വോളണ്ടിയർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് താത്പര്യമുള്ള ഉദ്യോഗസ്ഥരുടെ പേര്, മേൽ വിലാസം, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ ഓഫീസ് മേധാവി സൂക്ഷിക്കേണ്ടതാണ്.

5)വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ, ഡ്രൈവർമാരുടെ വിവരങ്ങൾ അവരുടെ മൊബൈൽ നമ്പർ എന്നിവ അടിയന്തിര സാഹചര്യത്തിനായി കരുതേണ്ടതാണ്

6)കോവിഡ്-19 പ്രതിരോധ വസ്തുക്കളായ മാസ്ക്, സാനിട്ടൈസർ എന്നിവ ദുരുപയോഗം ചെയ്യരുത്.

7) ഓഫീസിന്റെ അധീനതയിലുള്ള ക്വോർട്ടേർസുകൾ,ഗസ്റ്റഹൗസുകൾ എന്നിവയുടെചുമതലയുള്ള ഉദ്യോഗസ്ഥർ ഏത് അടിയന്തിര സാഹചര്യത്തിലും ആയത് ലഭ്യമാക്കുന്നതിന് സന്നദ്ധനായിരിക്കേണ്ടതാണ്.

8)ജയിൽ സ്ഥാപനങ്ങളിലെ അടുക്കളകളിലും, ഭക്ഷ്യോത്പാദന യൂണിറ്റുകളിലും ,ഭക്ഷ്യ ഉത്പ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നവരുടെയും/ വിതരണം ചെയ്യുന്നവരുടെയും ശുചിത്വം ഉറപ്പ് വരുത്തേണ്ടതാണ്.ഒപ്പം അടുക്കളകളിൽ പ്രവർത്തിക്കുന്ന അന്തേവാസികളും ജീവനക്കാരും സാനിറ്റൈസർ ഉപയോഗിക്കുമ്പോൾ തീയിൽ നിന്നും ,അടുപ്പ് /ബർണർ എന്നിവിടങ്ങളിൽ നിന്ന് സുരക്ഷിതമായ അകലം പാലിക്കേണ്ടതാണ്.

9. അടുക്കളയിലേയ്ക്ക് ഫുഡ്മേക്കിംഗ് യൂണിറ്റിലേയ്ക്കും ആവശ്യമായ ഭക്ഷ്യ നിർമ്മാണ വസ്തുകളുടെ സ്റ്റോക്ക് ആവശ്യാനുസരണം കരുതേണ്ടതാണ്.

10) ഭക്ഷ്യ വിതരണം നടത്തുന്ന സ്ഥലങ്ങളിൽ ഹാൻഡ് വാഷ്/സാനിട്ടൈസർ എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.

Rishi Raj Singh IPS
Director General of Prisons & Correctional Services

To : എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

Copy To : ഓഫീസ് കോപ്പി/കരുതൽ ഫയൽ